**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1730** **02-02-2024 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് എൽ.ബി.എസ് എഞ്ചിനീയറിംഗ് കോളേജ് ഹോസ്റ്റൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. എച്ച്. കുഞ്ഞമ്പു** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | കാസർഗോഡ് എൽ.ബി.എസ് എഞ്ചിനീയറിംഗ് കോളേജിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വെവ്വേറെ ഹോസ്റ്റൽ സൗകര്യം നിലവിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | കാസർഗോഡ് എൽ.ബി.എസ് എഞ്ചിനീയറിംഗ് കോളേജിൽ പഠിക്കുന്ന, ഹോസ്റ്റൽ സൗകര്യം ആവശ്യപ്പെട്ടിട്ടുള്ള എല്ലാ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം ഹോസ്റ്റലുകൾ ഉണ്ട്. നിലവിൽ ആൺകുട്ടികൾക്കായി രണ്ടു ഹോസ്റ്റലുകൾ ക്യാമ്പസിനകത്തും ഒരു ഹോസ്റ്റൽ ക്യാമ്പസിനു പുറത്തുമായി സൗകര്യപ്പെടുത്തിയിട്ടുണ്ട്. പെൺകുട്ടികൾക്കായി 300 കുട്ടികൾക്ക് താമസ സൗകര്യമുള്ള ഒരു ഹോസ്റ്റൽ ക്യാമ്പസിനു പുറത്തും സൗകര്യപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | എൽ.ബി.എസ് എഞ്ചിനീയറിംഗ് കോളേജിൽ പഠിക്കുന്ന എല്ലാ കുട്ടികൾക്കും കോളേജ് കോമ്പൗണ്ടിനകത്തു തന്നെ ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തണമെന്ന ആവശ്യത്തിൻമേൽ തുടർ നടപടികൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ? | (ബി) | സർക്കാരിന്റെ സാമ്പത്തിക സ്ഥിതി അനുകൂലമാകുന്ന മുറയ്ക്ക് എൽ.ബി.എസ് എഞ്ചിനീയറിംഗ് കോളേജിൽ പഠിക്കുന്ന എല്ലാ കുട്ടികൾക്കും കോളേജ് കോമ്പൗണ്ടിനകത്തു തന്നെ ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തണമെന്ന ആവശ്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ